# കത്തെഴുത്ത്




**അബ്ദുശ്ശുക്കൂർ പുനക്കത്ത് /**

## മലയാളത്തിന് ഇരട്ടി മധുരം

മലയാള ഭാഷക്ക് ഇരട്ടി മധുരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് മലയാള ഭാഷാ പ്രേമികൾ. മലയാള ഭാഷാ പ്രേമികളുടെ സന്തോഷത്തിന് കാരണം മലയാളത്തിന് കേന്ദ്ര സർക്കാറിന്റെ ശ്രേഷ്ഠ പദവി ലഭിച്ചതും കേരള പി.എ സ്.സി മുഖേനയുള്ള സർക്കാർ നിയമനത്തിനും ജോലി സ്ഥിരത നില നിർത്താനും മാതൃഭാഷാ പഠനം നിർബന്ധമാണ് എന്ന് പ്രഖ്യാപിച്ചതുമാണ്.

ഇപ്പോഴും നമ്മുടെ നീതിന്യായ വ്യവഹാരങ്ങളിൽ സാധാരണക്കാരനെ മടുപ്പിക്കുന്ന രീതിയിലുള്ള ഭാഷയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പല സാമൂഹിക പ്രവർത്തകരും മാറ്റം വേണമെന്നാവശ്യപ്പെട്ടിട്ടും നമ്മുടെ ജുഡീഷ്യറിയിലെ ചിലർ ഇവരെ ഒതുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം തന്നെ നീതിക്കുവേണ്ടി കേഴുന്ന വ്യവഹാരിക്കും കോടതി നടപടിക്കും മധ്യേ ഇംഗ്ലീഷ് ഭാഷയാകുന്ന ഇരുമ്പുമറ നിലനിൽക്കുന്നേടത്തോളം കാലം സാധാരണക്കാരന്റെ നീതിന്യായ വ്യവസ്ഥയിലെ പ്രതീക്ഷ നഷ്ടപ്പെട്ടുകൊണ്ടേയിരിക്കും. പഞ്ചാബിലെ കോടതി ഭാഷ പഞ്ചാബി തന്നെയാക്കണമെന്ന് പഞ്ചാബ് സർക്കാർ അവിടത്തെ കോടതികളോട് ശിപാർശ ചെയ്തതിനെത്തുടർന്ന് അവിടത്തെ കോടതി പഞ്ചാബി ഭാഷ കോടതി വ്യവസ്ഥയിൽ ഉൾപ്പെടുത്തുകയുണ്ടായി. പ്രാദേശിക ഭാഷ കോടതിയിൽ ഏർപ്പെടുത്തിയാൽ നീതിന്യായ വ്യവസ്ഥയുടെ അന്തഃസത്ത നഷ്ടപ്പെടുമെന്നുള്ള ചില ജഡ്ജിമാരുടെ പ്രസ്താവനകൾ വസ്തുതക്ക് നിരക്കുന്നതല്ല. അങ്ങനെ കോട്ടം തട്ടുകയാണെങ്കിൽ പഞ്ചാബിലെ കോടതികൾക്ക് എന്നേ കോട്ടം തട്ടി കോടതികൾ പിരിച്ചുവിടേണ്ടതല്ലേ. ഭരണഘടനയിൽ ഒരു പരാമർശമുണ്ട്. കോടതി ഭാഷയും ഭരണ ഭാഷയും സാധാരണക്കാരന് തിരിയുന്ന മാതൃഭാഷയിലായിരിക്കണമെന്ന്. ഇത് നടപ്പാക്കാൻ കോടതികൾക്ക് അടിയന്തര നിർദേശം നൽകുകയാണ് ഇഛാശക്തിയുള്ള ഒരു സർക്കാർ ചെയ്യേണ്ടത്.

---

**മമ്മൂട്ടി കവിയൂർ /**

ലക്കം 45-ൽ കെ.എ രേഷ്മ, ടി.കെ അബ്ദുല്ല സാഹിബിന്റെ പുസ്തകം പരിചയപ്പെടുത്തിയത് ഹൃദ്യമായ വായനാനുഭവമായി. ടി.കെയുടെ ഈ അമൂല്യ കൃതിയെ അതർഹിക്കുന്ന ആദരവോടെയും ആഴത്തിലും രേഷ്മ പരിചയപ്പെടുത്തിയിട്ടുണ്ട്. നവോത്ഥാന ധർമങ്ങളോട് നീതിയും ധർമവും വേണ്ടുവോളം കാണിച്ച എഴുത്തുകാരിക്ക് അഭിനന്ദനം.

---

**നസീർ പ്ലാമൂട്ടിൽ മൂവാറ്റുപുഴ /**

## അനിവാര്യമായ നിതാഖാത്ത്

സുഊദി അറേബ്യ തങ്ങളുടെ രാജ്യത്തെ പൗരന്മാരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനുള്ള ശ്രമം തുടങ്ങിയിട്ട് വർഷങ്ങളായി. കുവൈത്ത് അധിനിവേശത്തിനു ശേഷമുണ്ടായ മേഖലയിലെ അമേരിക്കൻ ഇടപെടലുകളും തുടർന്നുണ്ടായ ആഗോള സാമ്പത്തിക വ്യതിയാനങ്ങളും നിമിത്തം സുഊദിയിലുരുത്തിരിഞ്ഞ വിദേശി-സ്വദേശി തൊഴിൽ അസന്തുലിതാവസ്ഥയാണ് ഇത്തരം നടപടികൾക്ക് അക്കാലത്ത് പ്രേരകമായിരുന്നതെങ്കിലും അതൊന്നും വേണ്ടപോലെ പ്രയോഗത്തിൽ വരുത്താൻ സുഊദിക്ക് കഴിഞ്ഞിരുന്നില്ല. വിദഗ്ധരായ സ്വദേശി തൊഴിലാളികളുടെയും പ്രഫഷണലുകളുടെയും ദൗർലഭ്യവും ഏത് കുടിയേറ്റ-തൊഴിൽ നിയമങ്ങളെയും തന്ത്രപൂർവം മറികടക്കാനുള്ള മിടുക്കും മൂലമാണ് ഇത്ര കാലമെങ്കിലും അവിടെ പിടിച്ചുനിൽക്കാൻ മലയാളിക്ക് സാധിച്ചത്. ജിദ്ദയിലെ ശറഫിയ്യ പാലത്തിനടിയിലും ദമ്മാമിലും ബത്ഹയിലുമൊക്കെ ഏതു വിധത്തിലുമുള്ള തൊഴിൽ-യാത്ര രേഖകൾ പണം കൊടുത്ത് നേടാവുന്ന 'ചലിക്കുന്ന സമാന്തര ഓഫീസുകൾ' മലയാളികളാൽ നടത്തിവന്നിരുന്നു. ഇപ്പോൾ നിതാഖാത്ത് എന്ന പേരിൽ അവരുടെ രാജ്യത്തെ പൗരന്മാരുടെ തൊഴിൽ സുരക്ഷ ഭദ്രമാക്കുന്നതിനും വർധിച്ചുവരുന്ന അനധികൃത കുടിയേറ്റങ്ങൾക്ക് തടയിടാനും ശ്രമിക്കുന്നത് കണ്ട് നമ്മൾ അങ്കലാപ്പിലായിട്ടെന്തു കാര്യം! നമ്മുടെ വാർത്താ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നതുപോലെ സുഊദിയിലെ എല്ലാ വിദേശിയരെയും ഒറ്റയടിക്ക് കുടിയൊഴിപ്പിക്കാനുള്ള പദ്ധതിയൊന്നുമല്ല നിതാഖാത്ത്. നിയമവിധേയമായി തൊഴിൽ ചെയ്യുന്ന ഒരാളെയും ഇത് ബാധിക്കാനിടയില്ല. മറിച്ച് അറബിക്ക് മാസം തോറും നക്കാപ്പിച്ച നൽകി അവന്റെ മറവിൽ അനധികൃത ഇടപാടുകൾ നടത്തി ലക്ഷങ്ങൾ സമ്പാദിക്കുന്നവരെയും തീർഥാടന-ഉംറ വിസയിലെത്തി നാടുകറങ്ങി നിയമവിരുദ്ധ തൊഴിലുകളിലേർപ്പെടുന്നവരെയുമാണ് ഇത് ബാധിക്കുക.

നിതാഖാത്ത്, സാമ്പത്തിക ഭദ്രത കൈവന്ന മലയാളിക്ക് ആർത്തി മതിയാക്കി സ്വന്തം മണ്ണിലേക്ക് മടങ്ങാനുള്ള നല്ലൊരവസരമാണ്. പ്രാരാബ്ധക്കാരന് നിയമവിധേയ രേഖകളിലൂടെ മാത്രം ജോലി ചെയ്ത് ജീവസന്ധാരണം നടത്താനുമുള്ള മാർഗവും! ഈ രണ്ടവസരങ്ങളും പ്രയോജനപ്പെടുത്തുക.



വി. റസൂൽ ഗഫൂർ /

# ‘പള്ളി’കളെ നമുക്ക് ‘മസ്ജിദു’കളാക്കി മാറ്റാം

**മു**സ്‌ലിംകളുടെ ആരാധനാലയം ‘പള്ളി’ എന്നാണ് പൊതുവിൽ വിശേഷിപ്പിക്കപ്പെട്ടുവരുന്നത്. ഈ പ്രയോഗം യഥാർഥത്തിൽ അബദ്ധമാണ്. ‘മസ്ജിദ്’ എന്ന അറബി പദത്തിനു പകരമെന്ന നിലയിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന ‘പള്ളി’ എന്ന വാക്ക് പ്രതിനിധാനം ചെയ്യുന്ന ഒരു ചരിത്ര-സാംസ്കാരിക അർഥമുണ്ട്. ‘പള്ളി’യെന്ന വാക്കിന്റെ ചരിത്ര-സാംസ്കാരിക പ്രതിനിധാനം പരിഗണിക്കുമ്പോൾ ‘മസ്ജിദി’നെ ‘പള്ളി’യാക്കി ഉപയോഗിച്ചുവരുന്നത് മുസ്‌ലിംകൾക്ക് സംഭവിച്ച അബദ്ധങ്ങളിലൊന്നാണെന്ന് മനസ്സിലാക്കാൻ കഴിയും.

മതപരമായ അധ്യാപനങ്ങളും കൂട്ടായ്മകളും പ്രാർഥനകളും നടന്നിരുന്ന, ജൈന-ബൗദ്ധ മതക്കാരുടെ കേന്ദ്രങ്ങളായിരുന്നു ‘പള്ളികൾ’ എന്നതിനാൽ ഇസ്‌ലാം മത വിശ്വാസികളെയും അഞ്ചാം വേദക്കാരെന്നോ ബൗദ്ധന്മാരെന്നോ വിളിക്കുന്ന ശീലത്തിന്റെ ഭാഗമായി പള്ളി എന്ന വിശേഷണം മുസ്‌ലിം ആരാധനാലയങ്ങൾക്കും ബാധകമാക്കുകയാണ് ചെയ്തത്. മുസ്‌ലിംകളെ ബൗദ്ധന്മാരാക്കിയ സവർണ പാരമ്പര്യത്തിന്റെ സംഭാവനയായ ‘പള്ളി’ എന്ന വാക്കിനെ ഇക്കാലത്തും മുസ്‌ലിംകൾ ഏറ്റെടുത്തുകൊണ്ട് നടക്കുന്നുവെന്നത് കൗതുകകരം തന്നെ. ഇസ്‌ലാമിന്റെ സാംസ്കാരികവും ആത്മീയവുമായ വ്യതിരിക്തതകളെക്കുറിച്ച് അവബോധം ഉരുത്തിരിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന ഇക്കാലത്തും മസ്ജിദുകളെ ‘പള്ളി’കളായി നിലനിർത്തുന്നത് ശരിയല്ല. ‘മസ്ജിദ്’ എന്ന ഇസ്‌ലാമികവും സാംസ്കാരിക വ്യതിരിക്തതയുള്ളതുമായ പദം തന്നെ നാം ഉപയോഗിച്ചുതുടങ്ങേണ്ടിയിരിക്കുന്നു.

‘അല്ലാഹുവിന്റെ ഭവനങ്ങൾ’ എന്നാണ് മസ്ജിദുകൾ വിശേഷിപ്പിക്കപ്പെടുന്നത്. ശാന്തിയും സമാധാനവും നൽകുകയും വിശ്വാസികളെ ആത്മീയ ചിന്തകളിലേക്ക് വഴിതിരിച്ചുവിടുകയും മനുഷ്യർക്കിടയിൽ കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റെയും വികാരവിചാരങ്ങൾ പ്രസരിപ്പിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളാണ് ഇസ്‌ലാമിക സങ്കൽപങ്ങളിൽ മസ്ജിദുകൾ. മുസ്‌ലിം സാംസ്കാരിക ജീവിതത്തിന്റെ വിവിധ തലങ്ങളിലേക്ക് പടർന്നുകിടക്കുന്ന വിപുലമായ ദൗത്യങ്ങളുടെ കേന്ദ്ര സ്ഥാനങ്ങളാണ് യഥാർഥത്തിൽ മസ്ജിദുകൾ. വിജ്ഞാന വ്യാപനത്തിലും മതപരമായ അവബോധ വ്യാപനത്തിലുമൊക്കെ മസ്ജിദുകൾക്ക് പരമ പ്രാധാന്യമുണ്ട്.

എന്നാൽ, ഇന്നത്തെ മസ്ജിദുകൾ സംഘടനാപരമായ കക്ഷിവഴക്കുകളുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. വലിയ ഷോപ്പിംഗ് കോംപ്ലക്സുകൾക്കിടയിൽ ഞെങ്ങിഞെരുങ്ങിയമർന്ന് നിൽക്കുന്ന മസ്ജിദുകൾ ഇന്ന് കേരളത്തിലെ കാഴ്ചയാണ്. മസ്ജിദുകളോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സുകളും കെട്ടിടങ്ങളും നിർമിക്കുന്നത് നടത്തിപ്പിനായുള്ള പണം കണ്ടെത്താനാണെന്നാണ് പറയുന്നത്. എന്നാൽ, മസ്ജിദുകൾ സ്വതന്ത്രമായി വേറിട്ടു നിൽക്കുകയും അവക്ക് ചുറ്റും ധാരാളം തുറസ്സായ സ്ഥലങ്ങളും പച്ചപ്പുകളും ശുദ്ധവായു ലഭിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് വേണ്ടത്. കച്ചവടത്തിന്റെയും വ്യാപാരത്തിന്റെയും അന്തരീക്ഷത്തിൽനിന്ന് മസ്ജിദുകളെ മാറ്റിനിർത്തി അവയുടെ പവിത്രതയും സാംസ്കാരിക ഗൗരവവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകൾക്കിടയിലോ മുകളിലോ മസ്ജിദ് നിർമിക്കാതിരിക്കുകയും വ്യാപാര സ്ഥാപനങ്ങളുടെ പളപളപ്പുകൾക്കിടയിൽ നിറം മങ്ങിക്കാണുന്ന കുടുസ്സു കെട്ടിടങ്ങളാക്കി അവയെ മാറ്റാതിരിക്കുകയും വേണം. പ്രാചീന മുസ്‌ലിം ചരിത്രത്തിൽ വൈജ്ഞാനിക-ആധ്യാത്മിക വിനിമയങ്ങളുടെ കേന്ദ്രബിന്ദുക്കളായിരുന്നു മസ്ജിദുകളെങ്കിൽ ആ സാംസ്കാരിക ഔന്നത്യത്തിലേക്കവയെ തിരികെ കൊണ്ടുപോകേണ്ടതാവശ്യമാണ്.

എ. ഉമർ വെങ്ങന്നൂർ, പാലക്കാട് /

# അത് *വർത്തമാന*ത്തിലല്ല, *സിറാജി*ലാണ്

**ഇ**സ്‌ലാമിലെ പഞ്ചസ്തംഭങ്ങളെപ്പോലും വിൽപ്പനച്ചരക്കാക്കുന്ന പാതകത്തിൽ മത സംഘടനകളിലെ ചില തൽപര കക്ഷികൾ പിന്നാമ്പുറങ്ങളിൽ എത്രമാത്രം പരസ്പരം സഹകരിക്കുന്നുവെന്നതിന്റെ ഉദാഹരണങ്ങളിലൊന്നാണ് മാർച്ച് 28-ന് *ചന്ദ്രിക*യിലും *സിറാജി*ലും ഒരേ ദിവസം പ്രത്യക്ഷപ്പെട്ട വയനാടൻ വ്യാജ പേരിലുള്ള കത്ത്. *ചന്ദ്രിക*യിലും *വർത്തമാന*ത്തിലും എന്ന് പ്രബോധനം ലേഖനത്തിൽ (ലക്കം 46) വന്നത് ശരിയല്ല. *ചന്ദ്രിക*യോടൊപ്പം *സിറാജ്* ദിനപത്രത്തിലാണ് ആ കത്ത് പ്രസിദ്ധീകരിച്ചത്.